		നീക്കിവച്ചിട്ടുള്ള തുക (ലക്ഷം രൂപ)
മൂവാറ്റുപുഴ എൻ. ഇ. എസ്സ്. ബ്ലോക്ക്	,,	2.65
തിരുവല്ലാ (കോയിപ്രം)	,,	2.54
തിരുവനന്തപുരം (റൂറൽ)	,, ,,	1·85
പുളിക്കീഴ്	,,	1.85
മാവേലിക്കര	,,	2.05
ചിറ്റൂർ	,,	1.85
ഉഴവൂർ	,,	1.85
കൊട്ടാരക്കര	,,	3.20

പഞ്ചായത്തുകളുടെയും വാർഡുകളുടെയും നിലവിലുള്ള അതിരുകൾ.

17. [37] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെയും വാർഡുകളുടെയും നിലവിലുള്ള അതിരുകൾ മാറ്റുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്പോഴുള്ള പഞ്ചായത്തുമെംബറന്മാരുടെ അഭിപ്രായം ആരായുമോ?

ഉത്തരം.

(എ) എല്ലാ പഞ്ചായത്തുകളുടെയും വാർഡുകളുടെയും നിലവിലുള്ള അതിരുകൾ മാറ്റുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) എന്തെങ്കിലും കാരണവശാൽ മാറ്റാനിടയാകുകയാണെങ്കിൽ, ഇപ്പോഴുള്ള പഞ്ചായത്തുകളുടെ അഭിപ്രായം ആരായുന്നതാണ്.

പഞ്ചായത്തതിർത്തികളിലെ പുറംപോക്കുഭൂമികൾ.

18. [38] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തതിർത്തികളിലുള്ള പുറംപോക്കുഭൂമിയുടെമേൽ പഞ്ചായത്തുകൾക്ക് അധികാരം കൊടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

പുറമ്പോക്കുകളെ പഞ്ചായത്തുകളുടെ അധീനതയിൽ വിട്ടുകൊടുക്കുന്നകാര്യം പരിഗണിച്ചു വരികയാണ്. അവസാനതീരുമാനം ഇതുവരെ എടുത്തിട്ടില്ല.

Papers Laid on the Table.

Home Minister (SHRI A. J. JOHN): Sir, I beg to lay on the table the Travancore Public Servants (Inquiries) Amendment Ordinance, II of 1955, promulgated by His Highness the Rajpramukh on the 6th July 1955.

LIBRARY ARCHIVES Kerala Legislative Assembly